പതിമൂന്നാം കേരള നിയമസഭ

പതിനഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 2042

07.12.2015 ൽ മറുപടിക്ക്

## ആർ. ശിവശങ്കരന് പ്രമോഷൻ

| ചോദ്യം<br>ശ്രീ. വി.പി. സജീന്ദ്രൻ | മറുപടി<br>ശ്രീ. രമേശ് ചെന്നിത്തല<br>(ആഭ്യന്തരവും വിജിലൻസും വകുപ്പു മന്ത്രി) |
|---|---|
| എ) പാലക്കാട് ജില്ലയിലെ കോട്ടായിൽ എസ്.ഐ. ആയി ജോലി നോക്കുന്ന ശ്രീ. ആർ ശിവശങ്കരനെ പ്രമോഷന് വേണ്ടിയുള്ള ഡി.പി.സി. സെലക്ട് ലിസ്റ്റിൽ ഉൾപ്പെടുത്താത്തതിന്റെ കാരണം വ്യക്തമാക്കുമോ; | എ) ശ്രീ. ആർ ശിവശങ്കരനെതിരെയുള്ള അച്ചടക്ക ശിക്ഷാനടപടികളുടെയും ടിയാന്റെ കോൺഫിഡൻഷ്യൽ റിപ്പോർട്ടിൽ ടിയാനെതിരെയുള്ള പ്രതികൂല പരാമർശത്തിന്റെയും അടിസ്ഥാനത്തിലാണ് ഡി.പി..സി/ അഡ്ഹോക്ക് ഡി.പി.സി. ടിയാനെ എസ്.ഐ. സെലക്ട് ലിസ്റ്റിൽ നിന്നും ഒഴിവാക്കിയത്. |
| ബി) 29.06.2010, 04.02.2011, 24.08.2012, 01.11.2013 എന്നീ തീയതികളിൽ കൂടിയ ഡി.പി.സി. (ലോവറും) 26.05.2015ൽ കൂടിയ അഡ്ഹോക്ക് ഡി.പി.സി (ലോവറും) പരിഗണിച്ച ശ്രീ. ആർ. ശിവശങ്കരന്റെ എ.സി.ആർ (ആന്വൽ കോൺഫിഡൻഷ്യൽ റിപ്പോർട്ട്)-ലെ അഡ്വേഴ്സ് റിമാർക്ക്-ഉം അതിൽ ഉണ്ടായിരുന്ന അച്ചടക്ക, ശിക്ഷണ നടപടികൾ എന്നിവ സംബന്ധിച്ചും വകുപ്പ് അന്തിമ തീരുമാനം എടുത്തിട്ടുണ്ടോ; | (ബി & സി)<br>കോൺഫിഡൻഷ്യൽ റിപ്പോർട്ടിലെ പ്രതികൂല പരാമർശം ഒഴിവാക്കണമെന്ന് ആവശ്യപ്പെട്ടുള്ള ശ്രീ. ആർ. ശിവശങ്കരന്റെ 05.10.2015-ലെ അപേക്ഷയുടെ അടിസ്ഥാനത്തിൽ ഇതുമായി ബന്ധപ്പെട്ട റിപ്പോർട്ട് വകുപ്പുതലത്തിൽ ആവശ്യപ്പെട്ടിട്ടുണ്ട്. |
| സി) എങ്കിൽ അന്തിമ തീരുമാനം സംബന്ധിച്ച വിശദാംശങ്ങൾ വെളിപ്പെടുത്തുമോ; | |
| ഡി) ശിവശങ്കരനെതിരെ അച്ചടക്ക നടപടി ശിക്ഷാ നടപടി എന്തെങ്കിലും നിലവിലുണ്ടോ; | ഡി) നിലവിലില്ല |

| | |
|---|---|
| **ഇ)** ശ്രീ. ആർ. ശിവശങ്കരനെ പ്രമോഷന് വേണ്ടിയുള്ള ഡി.പി.സി. സെലക്ട് ലിസ്റ്റിൽ ഉൾപ്പെടുത്താൻ എന്തെങ്കിലും നിയമതടസ്സം ഉണ്ടോ; | **ഇ)** ശ്രീ. ആർ. ശിവശങ്കരനെ എസ്.ഐ. മാരുടെ സെലക്ട് ലിസ്റ്റിൽ ഉൾപ്പെടുത്തുന്ന കാര്യം പരിശോധിച്ച് തീരുമാനം കൈക്കൊള്ളേണ്ടത് ഡിപ്പാർട്ട്മെന്റ് പ്രമോഷൻ കമ്മിറ്റിയാണ് |
| **എഫ്)** ഇല്ലെങ്കിൽ സി.ഐ. ലേക്കുള്ള പ്രമോഷന് വേണ്ടിയുള്ള അടുത്ത ഡി.പി.സി. ലിസ്റ്റിൽ ശ്രീ. ആർ ശിവശങ്കരന്റെ പേര് ഉൾപ്പെടുത്താൻ നടപടി എടുക്കുമോ? | **എഫ്)** ശ്രീ. ആർ. ശിവശങ്കരൻ ഉൾപ്പെടെ സെലക്ട് ലിസ്റ്റിൽ നിന്നും ഒഴിവാക്കപ്പെട്ട എല്ലാ ഉദ്യോഗസ്ഥരെയും തുടർന്ന് നടക്കുന്ന മെയിൻ ഡി.പി.സിയിൽ പരിഗണിക്കുന്നുണ്ട്. |

**സെക്ഷൻ ഓഫീസർ**